STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.372/PR/SPMC/PHQ/2021 Date :20.08.2021

## നല്ലോണം പൊന്നോണം : ജനമൈത്രി പോലീസിന്റെ ഓണപ്പാട്ടുകളും ബോധവൽക്കരണ പരിപാടിയും റിലീസ് ചെയ്തു

കോവിഡ് ഉയർത്തുന്ന പ്രതിസന്ധികളിൽ നിന്ന് ഓണക്കാലത്ത് അതിജീവനത്തിന്റെ പുതുവഴി തേടുന്ന ഓരോ മലയാളിക്കും സംഗീതസാന്ദ്രമായ പൊന്നോണസദ്യ ഒരുക്കി ജന മൈത്രി പോലീസ്. എ.ഡി.ജി.പി എസ്.ശ്രീജിത്തിന്റെ നേതൃത്വത്തിലുള്ള പോലീസ് ഓർക്കസ്ട്ര ടീമാണ് മലയാളികളിൽ ഗൃഹാതുരസ്മൃതിയുണർത്തുന്ന ഓണപ്പാട്ടുകളുമായി ഈ ഓണക്കാ ലത്ത് രംഗത്തെത്തിയിരിക്കുന്നത്. മഹാമാരിയുടെ ആശങ്കകൾക്കിടയിൽ കോവിഡ് മാനദണ്ഡ ങ്ങൾ കഴിയുന്നത്ര പാലിച്ച് വീട്ടിലൊതുങ്ങി ഓണമാഘോഷിക്കാൻ ആഹ്വാനം ചെയ്യുന്നതി നൊപ്പം ആഘോഷങ്ങൾക്ക് പകിട്ടൊട്ടും കുറയാതിരിക്കാനാണ് പോലീസിന്റെ ഈ സംഗീതവി രുന്ന്. സാമൂഹിക അകലവും മാനസിക അടുപ്പവും ഒത്തുചേർത്ത് സമുചിതമായി ഓണമാഘോ ഷിക്കാൻ സന്ദേശം നൽകുകയാണ് പോലീസ് ഈ സംഗീത ആൽബത്തിലൂടെ.

രാഗവിസ്താരമുൾപ്പെടെ വിവിധ രാഗങ്ങളിലെ സിനിമാഗാനങ്ങൾ കോർത്തിണക്കി ഒരു ക്കിയിരിക്കുന്ന രാഗമാലിക എന്ന ആദ്യഭാഗം വ്യത്യസ്ത സംഗീത അനുഭമവാണ് നൽകുന്നത്. ജനമൈത്രി പോലീസ് ഡയറക്ടറേറ്റ് രചനയും സംവിധാനവും നിർവ്വഹിച്ച ചിങ്ങമായി അത്ത മായി എന്ന പുത്തൻ ഓണപ്പാട്ട് ഓണാരാവങ്ങൾ ഉയർത്തി മുന്നേറാൻ കാഴ്ചക്കാരെ പ്രേരിപ്പി ക്കുന്നു. ഓണത്തിന്റെ ആരവും ആഘോഷവും ജനമനസുകളിൽ എന്നും നിലനിർത്തുന്ന ഉത്രാടപൂനിലാവെ, പൊന്നോണം വന്നു പൂംപട്ട്, അത്തക്കളത്തിന് പൂതേടുമ്പോൾ, കതിര് കതിര് കതിർകൊണ്ട്, ഓണപ്പൂവേ ഓമൽപ്പൂവേ, അത്തപ്പൂവുംനുള്ളി തൃത്താപ്പൂവും നുള്ളി, ഓണക്കോടി ഉടുത്തു മാനം എന്നിവയാണ് കേരളാ പോലീസിന്റെ ഓണസമ്മാനത്തിലുള്ള ഗാന ങ്ങളിൽ ചിലത്. ഒപ്പം ജനമൈത്രി നാടകടീമിന്റെ കോവിഡ് ബോധവത്ക്കണ സ്കിറ്റും ഉൾപ്പെ ടുത്തിയിട്ടുണ്ട്.

മനോഹരമായ ഓണക്കാഴ്ചകൾക്കൊപ്പം ചിത്രീകരിച്ചിരിക്കുന്ന നല്ലോണംപൊന്നോണം പരിപാടി സാമൂഹിക മാധ്യമങ്ങളിൽ വൈറലാണ്. സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെ

ഔദ്യോഗിക ഫെയ്സ് ബുക്ക് പേജിൽ റിലീസ് ചെയ്ത പരിപാടി മണിക്കൂറുകൾക്കുള്ളിൽ ആയിരക്കണക്കിന് പേരാണ് വീക്ഷിച്ചത്.

എ.ഡി.ജി.പി എസ്.ശ്രീജിത് നയിച്ച ഗാനമാലികയിൽ ഒമ്പത് പാട്ടുകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. പോലീസുദ്യോഗസ്ഥരായ മുഹമ്മദ് റാഫി.പി, ശ്യാം രഞ്ജ്.ആർ.എസ്, ആര്യാദേവി, നിമി രാധാകൃഷ്ണൻ, ശരത്.കെ.പി എന്നിവരാണ് മറ്റ് ഗായകർ. പോലീസ് ഓർക്കസ്ട്ര ടീമിലെ രതീഷ്.വി.എസ്, ജോണിദേവ്.ഡി.പി, സുരേഷ്ബാബു എന്നിവർ പിന്നണിയിൽ പ്രവർത്തിച്ചു. സംസ്ഥാന പോലീസ് മേധാവി അനിൽകാന്തിന്റെ നേതൃത്വത്തിൽ ചിത്രീകരിച്ച ഈ ഓണപ്പരിപാടിയുടെ ഏകോപനം നിർവ്വഹിച്ചിരിക്കുന്നത് എ.ഡി.ജി.പി മനോജ് എബ്രഹാം ആണ്. കോവിഡ് മഹാമാരിക്ക് ശേഷമുള്ള രണ്ടാമത്തെ ഓണക്കാലത്ത് സന്തോഷത്തിന് ഇടിവ് വരാതെ കൊറോണ പ്രതിരോധം തീർത്ത് സുരക്ഷിതമായി ഓണമാഘോഷിക്കാൻ അപേക്ഷിക്കുന്നതോടൊപ്പം പ്രതീക്ഷയുടെ പൊന്നോണം ആശംസിക്കുകയുമാണ് കേരളാപോലീസ് ഈ സംഗീതസദ്യയിലൂടെ.

**ഫോട്ടോക്യാപ്ഷൻ** : നല്ലോണം പൊന്നോണം സംഗീത ആൽബത്തിൽ എ.ഡി.ജി.പി എസ്.ശ്രീജിത്തും സംഘവും ഗാനം ആലപിക്കുന്നു.

**********************************